"ഭരണഭാഷ - മാതൃഭാഷ"

അടിയന്തിരം/ സമയബന്ധിതം

നം.ഐസിഡിഎസ്/എ7-3612/17

സാമൂഹ്യ നീതി ഡയറക്ടറേറ്റ് (അനക്സ്),
സാമൂഹ്യക്ഷേമ ഭവൻ,പൂജപ്പുര,തിരുവനന്തപുരം.
ഫോൺ : 0471-2346508 ഫാക്സ് : 0471-2346534
ഇ-മെയിൽ swdicds@gmail.com
തീയതി : 14-7-2017

സാമൂഹ്യനീതി ഡയറക്ടർ.

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും/
ശിശു വികസന പദ്ധതി ഓഫീസർമാർക്കും.

സർ,

വിഷയം : സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി - 2017-18 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കേണ്ടത് - സംബന്ധിച്ച്.

സൂചന : ഈ കാര്യാലയത്തിലെ 7-4-2017, 6-5-2017 തീയതികളിലെ ഇതേ നമ്പർ കത്തുകൾ.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. അങ്കണവാടി കെട്ടിട നിർമ്മാണത്തിന് 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക വിനിയോഗിച്ച് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് സ്വന്തമായി സ്ഥലം ലഭ്യമായിട്ടുള്ള അങ്കണ വാടികളുടെ പ്രൊപ്പോസൽ 20-7-2017-ന് മുമ്പ് ഈ കാര്യാലയത്തിൽ സമർപ്പിക്കുവാൻ നിർദ്ദേശിക്കുന്നു. ടി പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുവാൻ യൂണിറ്റ് കോസ്റ്റായ 14.50 ലക്ഷം രൂപയുടെ 40% ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം വഹിക്കുന്നതാണ്. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട തീരുമാനം ലഭ്യമാക്കി ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

ജികെ/ 15-7-17